

ഏവർക്കും
തിരുനാൾ
ആശംസകൾ
2025
ടച്ച് മീ
TOUCH ME
ജനുവരി 2025

സ്നേഹസ്മരണയ്ക്ക്

# 6-ാം ചരമ വാർഷികം

27-01-2025



കിഴക്കൂട്ട് ദേവസ്സി വൈദ്യർ മകൻ

# ജോസഫ്

(കിഴക്കൂട്ട് ഔഷധശാല)

സ്നേഹപൂർവ്വം :
കുടുംബാംഗങ്ങൾ



ESTD : 1747

# ടച്ച് മീ
TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 17 | 2025 ജനുവരി | ലക്കം : 5

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫൊറോന - തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ
**ജോണി ബെപ്പോ**
93493 79009

സബ് എഡിറ്റേഴ്സ്
**സിസ്റ്റർ അൻസ ജോസ് CMC**
80869 50771

**എം.കെ. ദേവസ്സി**
94953 28758

**ജോൺസൺ പാവു**
94476 54230

സെക്രട്ടറി, ഇടവക PRO
**വി.സി. ജോസി**
98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**എം.എൽ. സുനിൽ**
98464 34411

അംഗങ്ങൾ
ഡോ. പോൾ സി. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ
പേൾജു ബി. ചുങ്കത്ത് 98470 31110
കെ.ജി. ബാബു 99619 99487
സി.എൻ. ഇമ്മാനുവേൽ 95390 30439

## താളുകൾ മറിയ്ക്കുമ്പോൾ

| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ഇടവക വാർത്തകൾ | 4 |
| വിശ്വാസപരിശീലനം | 9 |
| ഇടവകദിനം സംയുക്ത വാർഷികം | 10 |
| ഗുരുഭാവം - ശാന്തത | 11 |
| ദൈവവും പിശാചും | 13 |
| പ്രതിനിധിയോഗ വാർത്തകൾ | 16 |
| വിശ്വാസപരിശീലന ദിനം | 17 |
| ഇടവക ആൽബം | 18 |
| സംഘടനാ വാർത്തകൾ | 25 |
| വഴിവിളക്ക് | 27 |
| മിഴിവിളക്ക് | 28 |
| നിറംകൊടുക്കാമോ | 29 |
| പാചക കോർണർ | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |

## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

അനുദിന ജീവിതത്തിൽ ഏറെ തിരക്കേറിയ വഴികളിലൂടെ സഞ്ചരിക്കുന്നവരാണല്ലോ നാം. ഒരു വഴിയിൽ നിന്ന് മറ്റൊരു വഴിയിലേക്ക് പ്രവേശിക്കുന്നതിനു മുൻപായി നാം വാഹനം ഒന്ന് നിർത്തി പുറകിൽ നിന്നും മുൻപിൽനിന്നും വാഹനങ്ങൾ വരുന്നുണ്ടോ എന്ന് നോക്കി ശ്രദ്ധാപൂർവ്വമാണ് ഒരു യാത്ര തുടരുക. ഓരോ പുതുവത്സരവും ഓരോ വഴിത്തിരിവുകളാണ്. നമ്മുടെ ജീവിതയാത്രയിൽ ചിലയിടങ്ങളിൽ ഒന്നുനിർത്തി, കഴിഞ്ഞുപോയതിലേക്ക് ഒന്ന് തിരിഞ്ഞുനോക്കേണ്ടതുണ്ട്. ഇടറിപ്പോയ ചില നിമിഷങ്ങളെ ഓർത്ത് സങ്കടപ്പെടാനും നിധിപോലെ വന്നുചേർന്ന ചില ദൈവാനുഗ്രഹങ്ങളെ നന്ദിയോടെ ഓർക്കാനും മാറ്റം വരുത്തേണ്ടത് എന്തൊക്കെയെന്ന് നിശ്ചയിക്കാനും ഒരല്പസമയം...! മുന്നോട്ടുള്ള യാത്ര ഒരല്പംകൂടി സുഗമമായി തീരാനും ശരിയായ വഴി തിരഞ്ഞെടുക്കാനും ഇത്തരം ചില തിരിഞ്ഞുനോട്ടങ്ങൾ നമ്മെ സഹായിക്കും. നമ്മുടെ ജീവിതം മുൻപുള്ളതിനേക്കാൾ അല്പം കൂടി ദൈവേഷ്ടത്തിന് അനുയോജ്യമാക്കിതീർക്കാൻ ഈ പുതുവത്സരവേളയിൽ നമുക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും എന്ന് ചിന്തിക്കാം.

'ദിവസം മുഴുവൻ നിങ്ങൾ സുവിശേഷം പ്രസംഗിക്കണം; എന്നാൽ, അത്യാവശ്യം അവസരങ്ങളിൽ മാത്രമേ അതിനായി വാക്കുകൾ ഉപയോഗിക്കാവൂ' എന്ന വി. ഫ്രാൻസീസ് അസ്സീസിയുടെ വാക്കുകൾ, എത്രയോ അർത്ഥവത്താണ്. വാക്കുകൾക്കൊണ്ട് നമ്മൾ യേശുവിനെ അനുകരിക്കുന്നവർ ആകുമ്പോഴാണ് ലോകം അതിന്റെ പ്രവൃത്തികളിലെ നിരർത്ഥകത തിരിച്ചറിയുന്നത്. കണ്ണഞ്ചിപ്പിക്കുന്നതും എടുത്തുപറയത്തക്കതുമായ യാതൊന്നും ഉരിയാടാതെ തന്നെ, നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യങ്ങൾ വിശ്വാസത്തോടെയും സത്യസന്ധമായും സന്തോഷപൂർവ്വം ചെയ്യുന്നതുവഴി നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താനാകും. മറ്റുള്ളവർക്കു മുൻപിൽ ദൈവമഹത്വത്തിനു സാക്ഷികളാകാൻ കഴിയും. നമ്മുടെ കുടുംബജീവിതത്തിലും ജോലിയിലും, വിജയങ്ങളിലും, തകർച്ചകളിലും, ആരോഗ്യത്തിലും, അനാരോഗ്യത്തിലും, സന്തോഷങ്ങളിലും, സന്താപങ്ങളിലും, വാക്കുകളിലും, മൗനങ്ങളിലും നമ്മുടെ ചുറ്റുമുള്ളവർക്ക് നമ്മിൽ കത്തിജ്വലിക്കുന്ന ദൈവത്തിന്റെ പ്രകാശം ദർശിക്കാൻ സാധിക്കണം. അങ്ങിനെ നമ്മുടെ പ്രവൃത്തികളുടെ വെളിച്ചം നമുക്ക് ചുറ്റുമുള്ളവരിൽ പ്രതിഫലിക്കുന്നതുവഴി അവരും പ്രകാശത്താൽ നിറയുന്നവരാകുന്നതിനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

**ഏവർക്കും ഹൃദയം നിറഞ്ഞ പുതുവത്സരാശംസകളും...**
**ഒപ്പം ഇടവക തിരുനാൾ ആശംസകളും...**

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*

# ഇടയമൊഴി



## ദൈവസ്നേഹം

"ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു." (വി. യോഹ 4:16)

ദൈവസ്നേഹത്തിന്റെ വിവിധ മുഖങ്ങൾ യേശുവിൽ നമുക്കു കാണാം. യേശുവിലൂടെ പിതാവായ ദൈവം ഒഴുക്കിയിരിക്കുന്ന സ്നേഹമാണ് - രക്ഷിക്കുന്ന സ്നേഹം. വ്യവസ്ഥകളില്ലാത്ത വ്യക്തിപരമായ സ്നേഹം. ആത്മവിശ്വാസം നൽകുന്ന സ്നേഹം, ക്ഷമിക്കുന്ന സ്നേഹം, പാപി തേടിവരുന്ന സ്നേഹം, ആത്മാവിനെ നൽകുന്ന സ്നേഹം, തിരഞ്ഞെടുക്കുന്ന സ്നേഹം.

സാധിക്കുമെങ്കിൽ വായിക്കുക

1) ഏശയ്യാ 49:15-16
2) വിലാപ. 3:22-23
3) ജെറ 31:3
4) യോഹ. 3:16
5) ഏശയ്യാ 54:10
6) ഏശയ്യാ 43:4-5
7) നിയമാ. 32:10-12
8) നിയമ. 7:9-9
9) ജെറ. 29:11
10) റോമ 5:8
11) ഏശയ്യാ 41:10
12) യോഹ 14:18

മറ്റുള്ളവരിൽ യേശുവിനെ കണ്ട് സ്നേഹിച്ച്, യേശുവിലൂടെ ദൈവസ്നേഹത്തിൽ വളരാൻ സർവ്വേശ്വരൻ ഏവർക്കും അനുഗ്രഹങ്ങൾ ചൊരിയട്ടെ എന്ന പ്രാർത്ഥനയോടെ...

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
ഫാ. ഡെയ്സൻ മുണ്ടോപുറം

# ഇടവക വാർത്തകൾ

**ജനുവരി 1 ബുധൻ : പുതുവർഷാരംഭം & ഉണ്ണീശോയുടെ തിരുനാൾ & തിരുനാൾ ഒരുക്ക 9 മണിക്കൂർ ആരാധന, മദ്ധ്യസ്ഥപ്രാർത്ഥന**

| | |
|---|---|
| 6.00 am | : വർഷാരംഭ പ്രാർത്ഥന & പുതുവർഷ വരവേല്പ്<br>(നേതൃത്വം : റോസമിസ്റ്റിക്ക അൽത്താര ഡെക്കറേഷൻ സമിതി) |
| 6.30 am | : ഉണ്ണിശോയുടെ തിരുനാൾ കുർബാന, നൊവേന, തിരുനാൾ കാരുണ്യ സമർപ്പണം & നേർച്ച വിതരണം<br>(നേതൃത്വം : തിരുബാലസഖ്യം) |
| 7.30 am | : തിരുനാൾ ഒരുക്ക 9 മണിക്കൂർ ആരാധന, കുമ്പസാരം & മദ്ധ്യസ്ഥ പ്രാർത്ഥന<br>(നേതൃത്വം : തിരുനാൾ ലിറ്റർജി കമ്മറ്റി & പ്രാർത്ഥനാഗ്രൂപ്പ്) |
| 4.30 pm | : തിരുനാൾ ഒരുക്ക 9 മണിക്കൂർ ആരാധന സമാപനം |

**ജനുവരി 2 വ്യാഴം : യുവജന വർഷ സമാപന-തിരുനാൾ കാരുണ്യ മിഴിവ്**

| | |
|---|---|
| 7.30 am | : യുവജന വർഷ സമാപന - തിരുനാൾ കാരുണ്യ മിഴിവ്<br>ഹെയർ ഡൊണേഷൻ 2K25<br>(നേതൃത്വം : യുവജന വർഷ കമ്മിറ്റി) |
| 7.30 pm | : പിണ്ടി തെളിയിക്കൽ<br>(നേതൃത്വം : വിശ്വാസപരിശീലന കുട്ടികൂട്ടായ്മ) |

**ജനുവരി 3 വെള്ളി : യുവജന വർഷ സമാപനം & ഇടവക തിരുനാൾ മഹോത്സവ കൊടിയേറ്റം 2025**

NB : ജനുവരി 3 മുതൽ 10 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല. ഞായറാഴ്ചകളിൽ പതിവുള്ള 6 മണിയുടെ വി. കുർബാന ഉണ്ടായിരിക്കും

| | |
|---|---|
| 5.00 pm | : ഇടവക തിരുനാൾ മഹോത്സവ കൊടിയേറ്റം, ആരാധന, ലദ്ദീഞ്ഞ്, നൊവേന |
| 5.30 pm | : യുവജനവർഷ സമാപനം, ആദരം, സ്മരണഫലകം, വെഞ്ചിരിപ്പ്, കാഴ്ചസമർപ്പണം, വി. കുർബാന, സന്ദേശം, നേർച്ച വിതരണം, തിരുനാൾ സപ്ലിമെന്റ് പ്രകാശനം<br>കാർമ്മികൻ : മാർ. പോളി കണ്ണുകാടൻ<br>(നേതൃത്വം : സെന്റ് ജോസഫ് കുടുംബകൂട്ടായ്മ)<br>തിരുനാൾ കാരുണ്യ സമർപ്പണം : കുളിസോപ്പ്, പുല്ലഴി |
| 7.00 pm | : തിരുനാൾ വിളംബരം - BLAZE യുവജന കൂട്ടായ്മ |

## ജനുവരി 4 ശനി : തിരുനാൾ നവനാൾ (രണ്ടാം ദിനം)

5.30 am : ആരാധന, ലദ്ദീഞ്ഞ്, നൊവേന
6.00 pm : കാഴ്ചസമർപ്പണം, വി. കുർബാന, സന്ദേശം, നേർച്ചവിതരണം
കാർമ്മികൻ : ഫാ. സിറിയക് ചാലിശ്ശേരി
(നേതൃത്വം : മേരിമാതാ കുടുംബകൂട്ടായ്മ)
തിരുനാൾ കാരുണ്യ സമർപ്പണം : പേന - പെരുമ്പിലാവ്

## ജനുവരി 5 ഞായർ : തിരുനാൾ നവനാൾ (മൂന്നാം ദിനം)
## പ്രദക്ഷിണ അതിർത്തികളിൽ കൊടിയേറ്റം & തിരുനാൾ കാരുണ്യ ഊട്ട്

6.00 am : വി. കുർബാന
8.00 am : പ്രദക്ഷിണ അതിർത്തികളിൽ കൊടിയേറ്റം
CREDO കുട്ടികൂട്ടായ്മ
12.00 NN : തിരുനാൾ കാരുണ്യ ഊട്ട് - പരി. കന്യകാമാതാവിന്റെ നാമത്തിൽ പെരുമ്പിലാവ് മേരിമാതാ ബോയ്സ് ഹോമിൽ
5.30 pm : ആരാധന, ലദ്ദീഞ്ഞ്, നൊവേന
6.10 pm : കാഴ്ചസമർപ്പണം, വി. കുർബാന, സന്ദേശം, നേർച്ച വിതരണം
കാർമ്മികൻ : റവ. ഫാ. പോൾ ആലപ്പാട്ട്
(നേതൃത്വം : മേരിമാതാ കുടുംബകൂട്ടായ്മ)
തിരുനാൾ കാരുണ്യ സമർപ്പണം : നോട്ട്ബുക്ക് - മനക്കൊടി

## ജനുവരി 6 തിങ്കൾ : തിരുനാൾ നവനാൾ (നാലാം ദിനം)

5.30 pm : ആരാധന, ലദ്ദീഞ്ഞ്, നൊവേന
6.10 pm : കാഴ്ചസമർപ്പണം, വി. കുർബാന, സന്ദേശം, നേർച്ചവിതരണം
കാർമ്മകൻ : റവ. ഫാ. ലിൻസ് വെട്ടുവയലിൽ
(നേതൃത്വം : സെന്റ് തോമസ് കുടുംബകൂട്ടായ്മ)
തിരുനാൾ കാരുണ്യ സമർപ്പണം : ടൂത്ത് പേസ്റ്റ്&ബ്രഷ് - ആർത്താറ്റ്

## ജനുവരി 7 ചൊവ്വ : തിരുനാൾ നവനാൾ (അഞ്ചാം ദിനം)

5.30 pm : ആരാധന, ലദ്ദീഞ്ഞ്, നൊവേന
6.10 pm : കാഴ്ചസമർപ്പണം, വി. കുർബാന, സന്ദേശം, നേർച്ചവിതരണം
കാർമ്മകൻ : റവ. ഫാ. വിജു കോലങ്കണ്ണി CMI
(നേതൃത്വം : സെന്റ് തോമസ് കുടുംബകൂട്ടായ്മ)
തിരുനാൾ കാരുണ്യ സമർപ്പണം : വാഷിംഗ് പൗഡർ - ചേറൂർ

## ജനുവരി 8 ബുധൻ : തിരുനാൾ നവനാൾ (ആറാം ദിനം)

10.00 am : ആരാധന, തിരുനാൾ, നേർച്ച പാക്കിംഗ്
(നേതൃത്വം : തിരുനാൾ ലിറ്റർജി കമ്മിറ്റി)
5.30 pm : ആരാധന, ലദ്ദീഞ്ഞ്, നൊവേന

| | |
|---|---|
| 6.00 pm | : കാഴ്ചസമർപ്പണം, വി. കുർബാന, സന്ദേശം, നേർച്ചവിതരണം<br>കാർമ്മകൻ : റവ. ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ<br>(നേതൃത്വം : സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ)<br>തിരുനാൾ കാരുണ്യ സമർപ്പണം : തോർത്ത് - ചൊവ്വന്നൂർ |

**ജനുവരി 9 വ്യാഴം : തിരുനാൾ നവനാൾ (ഏഴാംദിനം)**

| | |
|---|---|
| 5.30 pm | : ആരാധന, ലദ്ദീഞ്ഞ്, നൊവേന |
| 6.00 pm | : കാഴ്ചസമർപ്പണം, വി. കുർബാന, സന്ദേശം, നേർച്ച വിതരണം,<br>കാർമ്മികൻ : റവ. ഫാ. ബിജു ജോസഫ് ആലപ്പാട്ട്<br>(നേതൃത്വം : സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ)<br>തിരുനാൾ കാരുണ്യസമർപ്പണം : ലുങ്കി - മരിയാപുരം |

**ജനുവരി 10 വെള്ളി : തിരുനാൾ നവനാൾ - എട്ടാംദിനം & ദീപാലങ്കാരം സ്വിച്ച് ഓൺ കർമ്മം**

| | |
|---|---|
| 5.30 pm | : ആരാധന, ലദ്ദീഞ്ഞ്, നൊവേന |
| 6.00 pm | : കാഴ്ചസമർപ്പണം, വി. കുർബാന, സന്ദേശം, നേർച്ച വിതരണം,<br>കാർമ്മികൻ : വെരി. റവ. ഫാ. ഷാജു ഊക്കൻ<br>(നേതൃത്വം : സെന്റ് സേവ്യർ കുടുംബകൂട്ടായ്മ)<br>തിരുനാൾ കാരുണ്യസമർപ്പണം : ടവ്വൽ - എടക്കളത്തൂർ |

**ജനുവരി 11 ശനി : തിരുനാൾ നവനാൾ - ഒമ്പതാം ദിനം &**
**കൂടുതുറക്കൽ ശുശ്രൂഷ & അമ്പ്, കിരീടം, തിരുശേഷിപ്പ് എഴുന്നെള്ളിപ്പ്**

| | |
|---|---|
| 6.00 am | : ആരാധന, ലദ്ദീഞ്ഞ്, നൊവേന |
| 6.30 am | : കാഴ്ചസമർപ്പണം, വി. കുർബാന, സന്ദേശം, കൂടുതുറക്കൽ ശുശ്രൂഷ |
| 8.00 am | : അമ്പ്, കിരീട്, തിരുശേഷിപ്പ് എഴുന്നെള്ളിപ്പ് ആരംഭം<br>കാർമ്മികൻ : വെ. റവ. ഫാ. ഡൊമിനിക് തലക്കോടൻ<br>(നേതൃത്വം : സെന്റ് ആന്റണി കുടുംബകൂട്ടായ്മ)<br>തിരുനാൾ കാരുണ്യസമർപ്പണം : വെളിച്ചെണ്ണ - എളവള്ളി |
| 10.00 pm | : അമ്പ്, കിരീടം, തിരുശേഷിപ്പ് എഴുന്നെള്ളിപ്പ് സമാപനം, വാദ്യ മേളം & വർണ്ണമഴ |
| 10.30 pm | : സ്തോത്രഗീതം |

**ജനുവരി 12 ഞായർ : ഇടവക തിരുനാൾ മഹോത്സവം & തിരുനാൾ കാരുണ്യഊട്ട്**

| | |
|---|---|
| 6.00 am | : വി. കുർബാന |
| 9.30 am | : പ്രസുദേന്തി വാഴ്ച |
| 10.30 am | : ഇടവക തിരുനാൾ കുർബാന<br>മുഖ്യകാർമ്മികൻ : റവ. ഫാ. ഡോ. ജിഫി മേക്കാട്ടുകുളം<br>തിരുനാൾ സന്ദേശം : വെ. റവ. ഫാ. ഡിറ്റോ കൂള<br>സഹകാർമ്മികൻ : ബ്രിൽവിൻ ഒലക്കേങ്കിൽ<br>നേതൃത്വം : സെന്റ് ആന്റണി കുടുംബകൂട്ടായ്മ |

| | |
|---|---|
| | തിരുനാൾ കാരുണ്യ സമർപ്പണം : നൈറ്റി - കൊളങ്ങാട്ടുകര |
| 12.00 NN | : വി. സെബസ്ത്യാനോസിന്റെ നാമത്തിൽ തിരുനാൾ കാരുണ്യ ഊട്ട് അഞ്ഞൂർ ദിവ്യദർശൻ ഹോമിൽ |
| 4.00 pm | : തിരുനാൾ ലത്തീൻ കുർബാന |
| 5.00 pm | : തിരുനാൾ പ്രദക്ഷിണം |
| 7.00 pm | : പരി. കുർബാന വാഴ്വ്, വർണ്ണമഴ & ബാന്റ് വാദ്യം |
| 9.00 pm | : സ്തോത്രഗീതം |

**ജനുവരി 13 തിങ്കൾ ; ഇടവക തിരുനാൾ മഹോത്സവം**

| | |
|---|---|
| 6.30 am | : മരിച്ചവർക്കുകള്ള വി. കുർബാന, ഒപ്പീസ് |
| 7.30 am | : വാഹന വെഞ്ചിരിപ്പ് |
| | കാർമ്മകൻ : റവ. ഫാ. ഫിഡെൽ തച്ചിൽ SDB |
| | (നേതൃത്വം : ഭക്തസംഘടന ഏകോപന സമിതി) |
| | തിരുനാൾ കാരുണ്യ സമർപ്പണം : ടോയ്ലെറ്റ് ആർട്ടിക്കിൾ - അഞ്ഞൂർ |
| 5.00 pm | : തിരുനാൾ മലങ്കര കുർബാന |
| 7.00 pm | : ഗാനമേള - തൃശൂർ കലാസദൻ |

**ജനുവരി 14 ചൊവ്വ ; കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന**

| | |
|---|---|
| 6.30 pm | : സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന |

**ജനുവരി 17 വെള്ളി : ഒന്നാം വെള്ളിയാചരണം**

| | |
|---|---|
| 6.00 am | : ആരാധന, കരുണകൊന്ത |
| 6.30 am | : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ചവിതരണം |

**ജനുവരി 18 ശനി ; കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന**

| | |
|---|---|
| 6.30 pm | : സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന |

**ജനുവരി 19 ഞായർ : തിരുനാൾ എട്ടാമിടം, തിരുനാൾ കാരുണ്യ ഊട്ട് & ഇടവകദിനം, ഇടവക അജപാലന പദ്ധതി 2025 പ്രകാശനം, കുടുംബകൂട്ടായ്മയുടെ സംയുക്ത വാർഷികം & പാരിഷ് ആന്തം റിലീസിംഗ്**

| | |
|---|---|
| 6.00 am | : തിരുനാൾ എട്ടാമിട വി. കുർബാന & തിരുനാൾ കൊടിയിറക്കൽ |
| 9.00 am | : ഇടവക പതാകവന്ദനം |
| 9.15 am | : ഇടവക കൃതജ്ഞത ബലി |
| 12.00 NN | : തിരുനാൾ കാരുണ്യഊട്ട് - വി. എവുപ്രാസ്യമ്മയുടെ നാമത്തിൽ - ചൊവ്വന്നൂർ മരീന ഹോമിൽ |

6.00 pm : ഇടവകദിനം & കുടുംബകൂട്ടായ്മകളുടെ സംയുക്ത വാർഷികം പൊതുസമ്മേളനം, ആദരം, ഇടവക അജപാലന പദ്ധതി 2025 പ്രകാശനം, സമ്മാനവിതരണം, കലാവിരുന്ന്, പാരിഷ് ആൻതം റിലീസിംഗ്, സ്നേവിരുന്ന്
ഉദ്ഘാടനം : അഭി. മാർ ടോണി നീലങ്കാവിൽ

**ജനുവരി 20 തിങ്കൾ : വി. സെബസ്ത്യാനോസിന്റെ തിരുനാൾ & അൾത്താരസംഘ വാർഷിക പത്രപ്രകാശനം, തിരുനാൾ കാരുണ്യ കാഴ്ച**

NB : രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല.

5.30 pm : വിശ്വാസ പരിശീലന കൂട്ടായ്മ പ്രയർ ഡേ

6.30 pm : നവ വൈദികർക്ക് സ്വീകരണം, ആദരം, അൾത്താരസംഘ വാർഷിക പത്രപ്രകാശനം, അൾത്താരസംഘ ബെസ്റ്റ് മോഡൽ ആൾട്ടർ ബോയ് ആദരം 2024, വി. സെബസ്ത്യാനോസ് നാമധാരികളുടെ കാഴ്ചസമർപ്പണം, നാമധാരികൾക്കുള്ള ആദരണീയം, വി. കുർബാന, സന്ദേശം, തിരുനാൾ കാരുണ്യ കാഴ്ച & ഫുഡ്ഫെസ്റ്റ്

**ജനുവരി 24 വെള്ളി : രണ്ടാം വെള്ളിയാചരണം**

6.00 am : ആരാധന, കരുണകൊന്ത

6.30 am : വി. കുർബാന, ലദീഞ്ഞ്, നൊവേന, നേർച്ചവിതരണം

**ജനുവരി 26 ഞായർ : റിപ്പബ്ലിക്ദിനം & ഏയ്ഞ്ചൽസ് ഡേ**

6.00 am : വി. കുർബാന, റിപ്പബ്ലിക്ദിന ദേശീയ പതാക വന്ദനം

10.30 am : ഏയ്ഞ്ചൽസ് ഡേ ആരാധന & കുമ്പസാരം

2.00 pm : തിരുബാലസഖ്യ ലീഗ് മത്സരങ്ങൾ
(നേതൃത്വം : തിരുബാലസഖ്യം)


**ജനുവരി 31 വെള്ളി : മൂന്നാം വെള്ളിയാചരണം**

6.00 am : ആരാധന, കരുണകൊന്ത

6.30 am : വി. കുർബാന, ലദീഞ്ഞ്, നൊവേന, നേർച്ചവിതരണം

**ജനുവരി മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വായനകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ**


| തിയ്യതി | കുടുംബകൂട്ടായ്മ |
|---|---|
| ജനുവരി 05 ഞായർ | സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |
| ജനുവരി 12 ഞായർ | മേരിമാതാ കുടുംബകൂട്ടായ്മ |
| ജനുവരി 19 ഞായർ | സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ |
| ജനുവരി 26 ഞായർ | സെന്റ് തോമസ് കുടുംബകൂട്ടായ്മ |



15th
Happy Wedding Anniversary
03-01-2025
Poise Jabee &
Babitha Poise
Chiramel House
Chiralayam, Kunnamkulam
Best Compliments From : Jewel, Nehal, Nevan


31
Happy
Anniversary
17-01-2025
K.G. Shabu
Jinny
Kuttikkat House
Thekkepuram - Kunnamkulam
Best Compliments From : Sumisha, Nimisha


21st
Wedding Anniversary
26-01-2025
Ananthan
Anu
Vadakkeveettil House
Gandhi Nagar 1st Avenue,
Kanippayyur P.O., Kunnamkulam
Best Compliments : Anjal, Tina & Taniya






പി.എ. ലില്ലി
(പ്രിൻസിപ്പാൾ)

# വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളെ

എല്ലാവർക്കും സുഖമല്ലേ? ആഘോഷങ്ങൾക്ക് എല്ലാം തൽക്കാലം അവധി കൊടുക്കാം. പരീക്ഷക്കാലം ആണ് വരുന്നത്. സ്കൂളിലെ വാർഷിക പരീക്ഷയ്ക്ക് മുമ്പ് വിശ്വാസപരിശീലനപരീക്ഷ വരുന്നു. പാഠഭാഗങ്ങൾ എല്ലാം പഠിപ്പിച്ചു കഴിഞ്ഞിരിക്കുമല്ലോ. അതോടൊപ്പം പ്രാർത്ഥനകളും. ഇനി റിവിഷനുള്ള സമയം ആണ്. ഇതുവരെ പഠിച്ചതെല്ലാം ഒന്നുകൂടെ വായിച്ചു ഹൃദിസ്ഥമാക്കുക. വിശ്വാസ പരിശീലനപരീക്ഷ നന്നായി പഠിച്ച് എഴുതിയാൽ ആത്മവിശ്വാസത്തോടെ നമുക്ക് മറ്റു പരീക്ഷകളെ നേരിടാൻ കഴിയും. ദൈവം കൂടെയുണ്ടാവുമ്പോൾ ഏത് പരീക്ഷയ്ക്കാണ് നമ്മളെ ഭയപ്പെടുത്താൻ കഴിയുക!

മറ്റൊരു കാര്യം. ഈ തലമുറ നേരിടുന്ന വലിയൊരു പ്രശ്നമാണ്. അറിവുകൾ കൊണ്ട് നിറഞ്ഞ തലച്ചോർ ആണ് ഇന്നത്തെ കുട്ടികൾക്ക്. കമ്പ്യൂട്ടറിലോ മൊബൈൽ ഫോണിലോ ഡാറ്റ നിറഞ്ഞാൽ എന്ത് സംഭവിക്കും? ഹാങ് ആകും. അതാണ് ഇവിടെയും സംഭവിക്കുന്നത്. കമ്പ്യൂട്ടറിന്റെയും മൊബൈൽഫോണിന്റെയും കാര്യത്തിൽ ചെയ്യുന്നത് പോലെ കുറെ ഡാറ്റ ഡിലീറ്റ് ചെയ്യണം. നല്ലതും ചീത്തയുമായ അറിവുകളിൽ നിന്ന് ചീത്തയെ ഡിലീറ്റ് ചെയ്യാൻ കഴിയണം.

അവിടെയാണ് വിശ്വാസപരിശീലനം നമ്മെ തുണയ്ക്കുന്നത്. നല്ലത് തിരിച്ചറിയണം. ആദ്യത്തെ വിശ്വാസപരിശീലകർ മാതാപിതാക്കൾ ആണല്ലോ. അവരാണ് ആദ്യം ഈ പരിശീലനം നൽകേണ്ടത്. പലപ്പോഴും കുട്ടികളോടുള്ള അമിതവാത്സല്യം കൊണ്ട് അവരെ തിരുത്താൻ മാതാപിതാക്കൾ മുതിരാറില്ല. അതിന്റെ ഫലം ഭീകരമായിരിക്കും.

വിശ്വാസപരിശീലനത്തിലൂടെ നല്ല അറിവുകൾ സൂക്ഷിച്ചു വെക്കാൻ ദൈവം അനുഗ്രഹിക്കട്ടെ,

സ്നേഹത്തോടെ
ലില്ലി ടീച്ചർ

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്


# ഇടവകദിനം

## കുടുംബകൂട്ടായ്മ

## സംയുക്ത വാർഷികം

**2025 ജനുവരി 19 ഞായറാഴ്ച, വൈകീട്ട് 6 മണിക്ക്**
**HCCGUP സ്കൂൾ അങ്കണത്തിൽ**

ഉദ്ഘാടനം



**അഭി. മാർ ടോണി നീലങ്കാവിൽ**
(തൃശൂർ അതിരൂപത സഹായ മെത്രാൻ)

അദ്ധ്യക്ഷൻ



**റവ. ഫാ. ഡെയ്സൻ മുണ്ടോപ്പുറം**
(വികാരി)

അനുഗ്രഹ പ്രഭാഷണം



**വെ. റവ. സിസ്റ്റർ സാലി പോൾ CMC**
(പ്രൊവിൻഷ്യാൽ സുപ്പീരയർ)

**ആദരണീയം** | **കലാപരിപാടികൾ** | **സമ്മാനദാനം** | **സ്നേഹവിരുന്ന്**

***എല്ലാ ഇടവകാംഗങ്ങളേയും ഇടവകദിനത്തിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു***

*വികാരി*
***ഫാ. ഡെയ്സൺ മുണ്ടോപ്പുറം***

*കൈക്കാരന്മാർ*
***പേൾജു ബി ചുങ്കത്ത്, കെ. ജി. ബാബു, സി. എൻ. ഇമ്മാനുവേൽ***

*ജന. കൺവീനർ*
***വി. സി. ജോസി***



# ഗുരുഭാവം - ശാന്തത

സിസ്റ്റർ ജെസ്റ്റിന CMC

അധികാര ദണ്ഡുയർത്തി രാജകീയ പ്രൗഢിയോടുകൂടി പ്രത്യക്ഷപ്പെടുന്ന ഒരു രക്ഷകനെ കാത്തിരുന്ന ജനതയ്ക്ക് പുൽക്കൂടിന്റെ ശാന്തതയിൽ രക്ഷകൻ അവതരിച്ചു. അധികമാരും തിരിച്ചറിയാതെ ഒരു ശാന്തനായ മനുഷ്യനായി അവൻ ജീവിച്ചു. വിശുദ്ധ ഗ്രന്ഥത്തിന്റെ ഏടുകളിൽ ചിത്രീകരിച്ചിരിക്കുന്ന ഈശോയുടെ ഭാവമാണ് ശാന്തത. കാറ്റിനേയും കടലിനേയും ശാന്തമാക്കിയ ഈശോയെ ധ്യാനിക്കുമ്പോൾ ഉള്ളിൽ അലയടിക്കുന്ന ഒരു ചോദ്യമിതാണ്. അത്രയും ശബ്ദകോലാഹലങ്ങൾക്കിടയിൽ എങ്ങനെ അവന് ശാന്തമായി ഉറങ്ങാൻ കഴിഞ്ഞു. ശാന്തത എന്നത് മനസ്സിന്റെ പുണ്യമാണ്. ദൈവത്തിന്റെ വിരൽത്തുമ്പിൽ ഞാൻ സുരക്ഷിതയാണ് എന്ന ബോധ്യമാണിത്. സംഭവിച്ചതും സംഭവിക്കാനിരിക്കുന്നതും ദൈവത്തിന്റെ പദ്ധതിയാണ് എന്ന തിരിച്ചറിവിൽ നിന്നും ഉത്ഭവിക്കുന്ന മനസ്സിന്റെ ഭാവമാണ് ശാന്തത. ഈ ശാന്തത ഈശോ സ്വന്തമാക്കിയിരുന്നു. അതുകൊണ്ടാണ് പ്രശ്നകലുഷിതമായ ജീവിതാനുഭവങ്ങളെ ശാന്തമായി അഭിമുഖീകരിക്കാൻ അവന് കഴിഞ്ഞത്. പാപിനിയായ സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലുവാനായി ഈശോയുടെ മുന്നിൽ കൊണ്ടുവന്നു നിർത്തിയപ്പോൾ അവൻ ശാന്തമായി അവർ പറയുന്നതെല്ലാം കേട്ടുകൊണ്ടിരുന്നു. അവസനം പാപിനിയുടെ ഹൃദയം കണ്ട ഈശോ പറഞ്ഞു; "നിങ്ങളിൽ പാപം ചെയ്തിട്ടില്ലാത്തവൻ ആദ്യം ഇവളെ കല്ലെറിയട്ടെ." ആർക്കും ഒന്നും ചെയ്യാനായില്ല. ഓരോരുത്തരായി തിരിച്ചു നടന്നു. ഇതിലൂടെ മനുഷ്യന്റെ വില കർത്താവ് എടുത്തുയർത്തുകായിരുന്നു. സമൂഹം കുറ്റപ്പെടുത്തുന്നവർക്ക് ദൈവം കൊടുക്കുന്ന ഒരു വിലയുണ്ട്. മനുഷ്യന്റെ ഹൃദയഭാവങ്ങൾ പൂർണ്ണമായി മനസ്സിലാക്കുന്ന അവൻ ഇടുന്ന വില ആർക്കും മാറ്റാനാവില്ല. ക്രിസ്തു നടന്നു നീങ്ങിയ വഴികളിൽ കണ്ടവരെയൊക്കെ അവൻ ചേർത്തു നിർത്തി. ചിലരെ കൂടെ നടക്കാൻ ക്ഷണിച്ചു. ആരെയും തള്ളിക്കളയാത്ത വലിയ മനസ്സിന്റെ കാവൽക്കാരനാകാൻ അവനു കഴിഞ്ഞത് മനസ്സിന്റെ ശാന്തതകൊണ്ടാണ്.

അവന്റെ ഹൃദയത്തിന്റെ വാതിൽ ആർക്കു മുന്നിലും കൊട്ടിയടച്ചില്ല. മറിച്ച്, എളിമയും ശാന്തതയും ഉള്ള ആ ഹൃദയം എല്ലാ

വർക്കും വേണ്ടി ദാഹിച്ചു. ഒരുവൻ സ്വന്തമാക്കേണ്ട വിശിഷ്ടമായ ഗുണം. കാരണം ഇന്നിന്റെ ലോകത്തിൽ മറ്റുള്ളവർക്ക് മുന്നിൽ എന്റെ ഹൃദയകവാടങ്ങൾ കൊട്ടിയടയ്ക്കാനുള്ള പ്രവണത കൂടുമ്പോൾ, ഒരുവന്റെ കൊച്ചുലോകത്തിനുള്ളിൽ മറ്റാർക്കും ഇടംകൊടുക്കാൻ അവൻ തയ്യാറാകുന്നില്ല. തന്റെ സ്വാർത്ഥതയുടെ മതിൽക്കെട്ടിനുള്ളിൽ സ്വസ്ഥനായി കഴിയുവാൻ മനുഷ്യൻ തത്രപ്പെടുകയാണ്. ഇവിടെയാണ് ക്രിസ്തുവിന്റെ ഹൃദയത്തിന്റെ ശാന്തതയും എളിമയും നമുക്ക് മുന്നിൽ പ്രചോദനമായും ഒരു വെല്ലുവിളിയായും നിലകൊള്ളുന്നത്. ദൈവം ആദ്യം പുരുഷനെ സൃഷ്ടിച്ചപ്പോൾ അവൻ ഏകനായിരിക്കുന്നത് നല്ലതല്ല എന്ന് കണ്ട് അവന് കൂട്ടിനായി ഒരു സ്ത്രീയെ സൃഷ്ടിച്ചു. സ്നേഹത്തിന്റേയും കരുതലിന്റേയും വിശുദ്ധ പാഠങ്ങൾ പഠിപ്പിക്കുവാൻ ദൈവം വീണ്ടും സ്വപുത്രനെ ഭൂമിയിലേക്ക് അയച്ചു. അവന്റെ വഴികളിൽ അവൻ തനിച്ചായിരുന്നില്ല. കൂടെ നടക്കാൻ ക്ഷണിച്ചവരെയെല്ലാം കൂടെ നിർത്തി. നെഞ്ചിൽ തലവെച്ചുറങ്ങിയവരെല്ലാം തള്ളിപ്പറഞ്ഞപ്പോഴും ഒറ്റപ്പെടുത്തിയപ്പോഴും അവൻ പതറിയില്ല. സ്നേഹത്തിന്റെ വലയത്തിൽ നിന്നും ഓരോരുത്തരായി ഇറങ്ങിത്തിരിച്ചപ്പോഴും അവരുടെ മനസ്സിന്റെ ചഞ്ചലിപ്പ് അറിയുവാൻ ക്രിസ്തുവിന് കഴിഞ്ഞു. അതുകൊണ്ടാണ് തന്റെ പാടുപീഢകൾക്കും ഉത്ഥാനത്തിനു ശേഷം അവൻ അവരെ വീണ്ടും തേടിവന്നത്.

ഗദ്സമെനിലെ നെഞ്ചുപൊട്ടിയുള്ള പ്രാർത്ഥനയിലും തന്റെ വത്സല പിതാവുപോലും തന്നെ ഉപേക്ഷിച്ചോ എന്ന ഒരു നിമിഷത്തെ ആശങ്കയിലും മനോധൈര്യം കൈവിടാതെ ശാന്തമായി അവൻ ഉരുവിട്ടു. എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ. പ്രതികരിക്കാനും ചോദ്യം ചെയ്യാനും ഒക്കെയുള്ള എല്ലാ സാധ്യതകളും എനിക്ക് അനുകൂലമായി നിൽക്കുമ്പോഴും നിശബ്ദത പാലിക്കുവാൻ കഴിയുക എന്നത് ദൈവത്തിന്റെ ഒരു അനുഗ്രഹമാണ്. ശാന്തത ഒരു പുണ്യമാണ്. ദൈവത്തിന്റെ സംരക്ഷണയിൽ ഉത്തമ വിശ്വാസമാണ്. ക്രിസ്തുവിന്റെ ശാന്തത നമ്മുടെ ഉള്ളിൽ നിറയട്ടെ.

## ഞാൻ യാത്രയായ്



**അന്തിക്കാട് അന്തോണി ഭാര്യ മേരി** (83 വയസ്സ്)

04 – 12 – 2024

(സെന്റ് സേവ്യർ കുടുംബകൂട്ടായ്മ)



# 'ദൈവവും പിശാചും'



റീന ടീച്ചർ

"നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നു." (1 പത്രോ. 5:8) ദൈവം അതിസുന്ദരവും മനോഹരവുമായി പ്രകൃതിയെ സൃഷ്ടിച്ച്, അതിന്റെ ഉടമസ്ഥാവകാശിയായി മനുഷ്യനെ സൃഷ്ടിച്ച് ഭരമേല്പിച്ചപ്പോൾ അധികാരമോഹിയും സ്വാർത്ഥതയും അസൂയയും നിറഞ്ഞ പിശാച് വല്ലവിധേനയും ദൈവത്തിന്റെ ആത്മാവിനാൽ നിറഞ്ഞ മനുഷ്യന്റെ സ്വാതന്ത്ര്യത്തേയും സന്തോഷത്തേയും ഇല്ലാതാക്കി, ഭയവും അരക്ഷിതാവസ്ഥയും സൃഷ്ടിച്ച് ദൈവത്തിൽ നിന്ന് പാവം മനുഷ്യരെ അകറ്റി തിന്മയിലേക്ക് നയിക്കുന്ന അവസ്ഥയാണ് ആദിമാതാപിതാക്കളുടെ ജീവിതം മുതൽ നാം കണ്ടുവരുന്നത്. പറുദീസ സൂചിപ്പിക്കുന്നത് സമാധാവനും സന്തോഷവും നിറഞ്ഞ സ്ഥലമാണ്. ഓരോ സ്ഥാപനങ്ങളേയും കുടുംബങ്ങളേയും സമൂഹങ്ങളേയും അസമാധാനവും സങ്കടാവസ്ഥയും നിറയ്ക്കാൻ അസൂയാലുവായ പിശാച് നന്മയുടെ രൂപത്തിൽ ഒരാളിൽ പ്രവേശിക്കുന്നു. ഇതിന്റെ ഇരകളെ വി. ബൈബിൾ ധാരാളമായി വിവരിച്ചുകാണിക്കുന്നുണ്ട്.

ഹവ്വായിൽ പ്രവേശിച്ച പിശാച് ആ കുടുംബത്തെ പറുദീസായിൽ നിന്ന് പുറത്താക്കി. പിന്നീട് മക്കളായ കയേനിൽ പ്രവേശിച്ച് ആബേലിനെ കൊലചെയ്ത്, അവനെ ഭയത്തിന് അടിമപ്പെടുത്തി. പിശാചിന്റെ പ്രവൃത്തികളെ നോക്കി കാണുന്ന കാരുണ്യവാനായ ദൈവം ആദാമിന്റെ കുടുംബത്തേയും കായേനപ്പോലും സംരക്ഷിക്കുന്ന ചിത്രം ബൈബിൾ തുറന്നുകാണിക്കുന്നു. ജോബിനെ സുവിശേഷത്തിലെ ദൈവം പിശാചിന് പരീക്ഷണത്തിനായ് വിട്ടുകൊടുക്കുന്ന സംഭവങ്ങൾ നാം വായിക്കുന്നു. അവസാന വിജയം ജോബിനു മാത്രമാണ് പിശാച് ലജ്ജിച്ച് തോറ്റവാനായി നിലകൊള്ളുന്നു. എന്റെ സഹോദരരേ, "കർത്താവ് ആത്മാവാണ്; കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യമുണ്ട്." (2 കോറി. 3:17). പിശാചിന് നമ്മുടെ ശരീരത്തേയും മനസ്സിനേയും അടിമപ്പെടുത്താൻ ശ്രമിച്ചാലും ദൈവത്തോട് ചേർന്ന് ജീവിച്ചാൽ, നമ്മുടെ ആത്മാവും കർത്താവായ ആത്മാവും ഒന്നാവുകയും യഥാർത്ഥ ആനന്ദവും സ്വാതന്ത്ര്യവും ഈ ഭൂമിയിൽ തന്നെ നമുക്കനുഭവിക്കാം. " നിങ്ങളെ

പരിശോധിക്കാനായി അഗ്നി പരീക്ഷകൾ ഉണ്ടാകുമ്പോൾ, അപ്രതീക്ഷിതമായതെന്തോ സംഭവിച്ചാലെന്നപോലെ പരിഭ്രമിക്കരുത്" (1 പത്രോ 4:12) ദൈവത്തിന്റെ അറിവോടെ മാത്രമാണ് നാം പരീക്ഷിക്കപ്പെടുക. നമ്മെ പരീക്ഷിക്കാൻ ആരെയാണ് ഏത് സന്ദർഭങ്ങളെയാണോ പിശാചിനാൽ ഉപയോഗിക്കപ്പെടുന്നത് എന്ന് തിരിച്ചറിഞ്ഞ്, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്യാൻ ഈശോ പഠിപ്പിക്കുന്നു. നമ്മെ പരീക്ഷിക്കാൻ നിയോഗിക്കപ്പെട്ടവർ നിരപരാധികളാണെന്നറിയുക. അതിനാൽ ബൈബിൾ പറയുന്നു. അവരെ "അനുഗ്രഹിക്കയല്ലാതെ ശപിക്കരുത്" നമ്മുടെ യുദ്ധം അവരിലുള്ള തിന്മയുടെ ശക്തികളോടായിരിക്കണം.

ഈശോ പിശാചിനാൽ പരീക്ഷിക്കപ്പെട്ടത് വി. ലൂക്കാ സുവിശേഷകൻ 4-ാം അദ്ധ്യായത്തിൽ വിവരിക്കുന്നു. ഈശോയുടെ പരീക്ഷാപേപ്പറിലെ ഒന്നാമത്തെ പ്രവർത്തനം; "നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലിനോട് അപ്പമാകാൻ കൽപ്പിക്കുക". ഏത് വിധേനയും പണമുണ്ടാക്കി വയറ് നിറച്ച് സുഖലോലുപതയിൽ ജീവിക്കുന്ന മനുഷ്യർ ഈ കൂട്ടത്തിൽപ്പെടുന്നവരാണ്. ഈശോപറയുന്നു, "അപ്പം കൊണ്ടുമാത്രമല്ല മനുഷ്യൻ ജീവിക്കുന്നത്" ഈ ചോദ്യത്തിന് ഈശോ ജയിച്ചു പിശാച് തോറ്റു. കാരണം നമ്മുടെ ജീവന്റെ മേലുള്ള ഏകഅവകാശി ദൈവമാണ്. പിശാചിന് ജീവന്റെ മേൽ അധികാരം നൽകപ്പെട്ടിട്ടില്ല. ആകയാൽ വി. പൗലോശ്ലീഹ പറയുന്നു, "ആഹാരം ഉദരത്തിനും ഉദരം ആഹാരത്തിനും വേണ്ടിയുള്ളതാണ്. ദൈവം ഇവ രണ്ടിനേയും നശിപ്പിക്കും" (1 കോറി. 6:13) രണ്ടാമത്തെ പ്രവർത്തനം : "പിശാചിനെ ആരാധിക്കുകയെന്നാൽ ഭൂമിയിലെ സകല രാജ്യങ്ങളുടേയും അധികാരവും മഹത്വവും നിനക്കു ഞാൻ തരാം" ഇന്ന്, പണമുണ്ടാക്കാനും സ്വത്ത് വിസ്തൃതമാക്കാനും അധികാരം ലഭിക്കാനും വേണ്ടി മനുഷ്യർ ആഭിചാരങ്ങളിലും സാത്താനിക പൂജകളിലും നിരപരാധികളായ മനുഷ്യരെ കൊലപ്പെടുത്തിപോലും പിശാചിനെ പ്രസാദിപ്പിക്കുക എന്ന തെറ്റായ പ്രവർത്തികൾക്ക്, ഈശോ മറുപടി പറയുന്നു, "നിന്റെ ദൈവമായ കർത്താവിനെ നീ ആരാധിക്കണം അവനെ മാത്രമേ പൂജിക്കാവൂ". ഇവിടേയും ഈശോ ജയിക്കുന്നു, പിശാച് തോൽക്കുന്നു. മൂന്നാമത്തെ പ്രവർത്തനം : "നീ ദൈവപുത്രനാണെങ്കിൽ താഴേക്കു ചാടുക".

പ്രിയ സഹോദരരേ, ഈശോ ദൈവപുത്രനാണെന്നറിയാവുന്ന പിശാച് എന്തിനായിരിക്കും പരീക്ഷിക്കാൻ വന്നത്. അധികാരത്തെ ശുശ്രൂഷിയ്ക്കായി മാത്രം ഉപയോഗിക്കുന്ന ഈശോയുടെ

എളിമയുടെ മാതൃകയാണ്, കുരിശുമരണത്തിലൂടേയും ഈശോ നമുക്ക് കാണിച്ച് തരുന്നത്. "ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. ഇവൻ ദൈവത്തിന്റെ ക്രിസ്തു ആണെങ്കിൽ, അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ടവനാണെങ്കിൽ, തന്നെത്തന്നെ രക്ഷിക്കട്ടെ." (വി. ലൂക്ക: 23:35) താഴേക്ക് ചാടാൻ കല്പിച്ച പിശാചിനോടും കുരിശിൽ തറയ്ക്കപ്പെട്ട യേശുവിനോട് സ്വയം രക്ഷിക്കുക എന്ന പറഞ്ഞ് പരിഹസിച്ചവരോടും ഈശോ പറയുന്നു, "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്." എന്ന് അധികാരവും ശക്തിയും പ്രകടിപ്പിച്ച് വലിയവനാകുന്നതിനേക്കാൾ ഈശോ ആഗ്രഹിച്ചത്; തന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുക എന്ന ലക്ഷ്യപ്രാപ്തിയ്ക്കായി, മനുഷ്യപാപം മുഴുവൻ ഏറ്റെടുത്ത് അവനെ രക്ഷിക്കാൻ, നന്മമാത്രം ചെയ്ത് ചുറ്റി സഞ്ചരിച്ച ഈശോ കുരിശുമരണം ഏറ്റെടുക്കുകയായിരുന്നു. അതുവഴി പിശാചിനെ പരിപൂർണ്ണമായും തോല്പിച്ച് വിജയശ്രീലാളിതനായി, മൂന്നാം ദിവസം പിതാവായ ദൈവം ഉയിർപ്പിച്ച് ഇന്നും അന്നത്തെപ്പോലെ, ആത്മാവായി മനുഷ്യർക്ക് നന്മചെയ്ത് നമ്മിൽ ജീവിക്കാൻ ദൈവം ഇടവരുത്തിയത്. ആകയാൽ (റോമ 16:20) ൽ പറയുന്നു "സമാധാനത്തിന്റെ ദൈവം ഉടനെതന്നെ പിശാചിനെ നിങ്ങളുടെ കാൽക്കീഴിലാക്കി തകർത്തുകളയും" പരി. അമ്മയുടെ സഹായവും വി. ഏവുപ്രാസ്യമ്മയുടെ മാധ്യസ്ഥവും ഇതിനായി നമുക്കപേക്ഷിക്കാം.

## അഭിനന്ദനങ്ങൾ



**ബെസ്റ്റ് ഓഫ് ഇന്ത്യ റെക്കോർഡ് കരസ്ഥമാക്കി തൃശൂർ അതിരൂപത മാതൃവേദി 3200ൽപരം അമ്മമാരെ പങ്കെടുപ്പിച്ച് നടത്തിയ പുത്തൻപാനയുടെ സംഗീത നൃത്താവിഷ്കാരത്തിൽ പങ്കെടുത്ത കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക മാതൃവേദി അംഗങ്ങൾക്ക്**

## അഭിനന്ദനങ്ങൾ

# പ്രതിനിധിയോഗ വാർത്തകൾ


1. യോഗത്തിൽ നടത്തുകൈക്കാരൻ പേൾജു ബി. ചുങ്കത്ത് സ്വാഗതം പറഞ്ഞു.
2. നവംബർ മാസത്തെ റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
3. കൺസ്ട്രക്ഷൻ കമ്മിറ്റി കൺവീനർ രാജു ബി. ചുങ്കത്ത് പാചകപ്പുര നിർമ്മാണത്തിന്റെ കണക്ക് അവതരിപ്പിച്ചു പാസ്സാക്കി.
4. 2025 ജനുവരി 19ന് ഇടവകയിൽ നടത്തുന്ന ഇടവക ദിനവും കുടുംബകൂട്ടായ്മ സംയുക്ത വാർഷികവും ഇടവക പാക്ട് & അജപാലക സമിതി നേതൃത്വം നൽകുന്നതിന് യോഗം അംഗീകാരം നൽകി.
5. ജൂബിലി വർഷ ആഘോഷ കമ്മിറ്റിയുടെ ജനറൽ കൺവീനറായി വർഗ്ഗീസ് ആന്റണിയേയും, ജോ. കൺവീനറായി പി.എ. ലില്ലിയേയും തെരഞ്ഞെടുത്തു. കൂടാതെ കുടുംബകൂട്ടായ്മ പ്രതിനിധികളായ വർഗ്ഗീസ് സണ്ണി, രാജു ബി ചുങ്കത്ത്, ആൽഫിൻ റൊണാൾഡ്, പി.ആർ. സജി, സൂസി രാജു, ജാൻസി ബാബു എന്നിവരേയും കമ്മിറ്റി അംഗങ്ങളായി തെരഞ്ഞെടുത്തു.
6. ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് ഇടവകയിൽ നടത്തുന്ന കരോളിനെക്കുറിച്ച് അച്ചൻ വിശദീകരിച്ചു. ഡിസംബർ 23 -ാം തിയ്യതി തിങ്കളാഴ്ച കുടുംബകൂട്ടായ്മ തലത്തിലും ഡിസംബർ 24 ചൊവ്വാഴ്ച ഇടവക തലത്തിലും കരോൾ നടത്തുന്നതാണെന്ന് അറിയിച്ചു.
7. പള്ളിയുടെ മുൻവശത്തുള്ള ബസ് സ്റ്റോപ്പ് സ്ഥാപിച്ച കുടുംബം ബസ് സ്റ്റോപ്പിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നില്ലെങ്കിൽ അത് പള്ളി ഏറ്റെടുത്ത് ചെയ്യാൻ തീരുമാനിച്ചു.


**2024 വലിയ നോമ്പ് പരിത്യാഗസമർപ്പണം & മിഷൻ ഞായർ ലേല സമർപ്പണം**

| കുടുംബകൂട്ടായ്മ | പരിത്യാഗം | മിഷൻ ഞായർ ലേലം |
|---|---|---|
| സെന്റ് ജോസഫ് കുടുംബകൂട്ടായ്മ | 25,375.00 | 2,300.00 |
| മേരിമാതാ കുടുംബകൂട്ടായ്മ | 44,300.00 | 9,090.00 |
| സെന്റ് ആന്റണി കുടുംബകൂട്ടായ്മ | 19,730.00 | 3,550.00 |
| സെന്റ് തോമസ് കുടുംബകൂട്ടായ്മ | 36,514.00 | 3,510.00 |
| സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ | 19,600.00 | 2,640.00 |
| സെന്റ് സേവ്യർ കുടുംബകൂട്ടായ്മ | 25,351.00 | 9,000.00 |





തൃശൂർ അതിരൂപതാ പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ് നടത്തിയ പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ ഏറ്റവും മികച്ച പാരിഷ്ബുള്ളറ്റിനുള്ള മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ടച്ച് മീ പാരിഷ് ബുള്ളറ്റിന്റെ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെ ഇടവകയിൽ നടത്തിയ അനുമോദന ചടങ്ങിൽ പ്രശസ്ത മോട്ടിവേഷൻ സ്പീക്കർ ശ്രീ. ജോസഫ് അന്നംകുട്ടി ജോസിന്റെ നേതൃത്വത്തിൽ അനുമോദിച്ചു.




11th
Happy
Anniversary
26-01-2025
Charles &
Mariya
Ellikkal House
Kizhoor - Kunnamkulam
Best Compliments From :
Hannah Charles & Caitlin Charles


6th
Happy
Wedding
Anniversary
05-01-2025
Ajin Anto
Shalini Paul
Madathiparambil House
Nehru Nagar, IInd Avenue
Kunnamkulam
Best compliments : Miriam Rose Ajin, Dhaana, Lichu, Gian


5th
ANNIVERSARY
04-01-2025
Abee Joe
Aiswarya Abee
Kannanaikal House
Nehru Nagar - Kunnamkulam
Best Compliments From
Jorden Joe Abee | Alwin | Annmariya & Gabriella Mystica
Avin Joe Varghese


21st
Wedding Anniversary
25-01-2025
P.K. Ronald &
Shoby Ronald
Pulikkottil House
Kanippayoor - Kunnamkulam
With Best Compliments From
Alphin P. Ronald & Ashlin P. Ronald

44th
Wedding
Anniversary
26-01-2025

# Thomson Thachil
# Joisy Thomson

**_Best Compliments From:_**

Madona Thachil | Rev. Fr. Fidel Thachil SDB
Earnesto Thachil | Bhagyalakshmi
Reuben John Thachil | Esra John Thachil

# വിശ്വാസപരിശീലന ദിനം




കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ വിശ്വാസപരിശീലനദിനം സമുചിതമായി ആഘോഷിച്ചു. ഇടവക പാരിഷ് ഹാളിൽ വികാരി റവ. ഫാ. ഡെയ്സൺ മുണ്ടോപുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗം പ്രശസ്ത മോട്ടിവേഷൻ സ്പീക്കർ ശ്രീ. ജോസഫ് അന്നംകുട്ടി ജോസ് ഉദ്ഘാടനം ചെയ്തു.

വിശ്വാസ പരിശീലന പ്രിൻസിപ്പാൾ പി.എ. ലില്ലി സ്വാഗതവും, സെക്രട്ടറി ജിനി ജെയ്മോൻ വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. ചിറളയം ഹോളി ചൈൽഡ് സിസ്റ്റർ സുപ്പീരിയർ സിസ്റ്റർ ആൻജോസ് അനുഗ്രഹ പ്രഭാഷണവും, കുമ്പസാര സഹായി പുസ്തക പ്രകാശനം വിശ്വാസ പരിശീലന പി.ടി.എ. പ്രസിഡണ്ട് എം.എൽ. സുനിലും, ആബാവർഷ ബ്രോഷർ പ്രകാശനം ഇടവക കൈക്കാരന്മാരായ പേൾജു ബി. ചുങ്കത്ത്, കെ.ജി. ബാബു, സി.എൻ. ഇമ്മാനുവേലും, കൈ എഴുത്ത് പ്രതി പ്രകാശനം സ്റ്റുഡന്റ്സ് കൗൺസിൽ പ്രസിഡണ്ട് ജോൺ ഇമ്മാനുവേലും നിർവ്വഹിച്ചു.

തൃശൂർ അതിരൂപതയിൽ ഏറ്റവും മികച്ച പാരിഷ്ബുള്ളറ്റിനുള്ള മൂന്നാംസ്ഥാനം, തുടർച്ചയായി മൂന്നാം വർഷവും നേടിയ ടച്ച് -മീ പാരിഷ് ബുള്ളറ്റിന്റെ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെ അനുമോദിച്ചു. വിശ്വാസ പരിശീല ക്ലാസ്സുകളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയ വിദ്യാർത്ഥികൾക്കുള്ള എൻഡോവ്മെന്റ് ക്യാഷ് അവാർഡും, ഫുൾ അറ്റന്റൻസ് നേടിയവർക്കും, വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുമുള്ള സമ്മാനങ്ങളും വിതരണം ചെയ്തു.

വിശ്വാസ പരിശീലന പി.ടി.എ. പ്രസിഡണ്ട് എം.എൽ. സുനിൽ നന്ദി പറഞ്ഞു. പാപ്പ ഗാനവും, സ്നേഹ വിരുന്നും ഉണ്ടായിരുന്നു. യോഗാനന്തരം ഫിഗർ ഷോയും മിമിക്സ് പരേഡും അരങ്ങേറി.

# ഇടവക ആൽബം

ഡിസംബർ 2024

## സ്നേഹോത്സവം



## പാചകപ്പുര വെഞ്ചിരിപ്പ്



© MEDIA CELL KKM

# ഇടവക ആൽബം

ഡിസംബർ 2024

## കുടുംബ നവീകരണ ധ്യാനം





## ഗായക സംഘ ദിനം









## വചനത്തൊട്ടിൽ



## Infant Jesus Sweet & Toys Box




© MEDIA CELL KKM

# ഇടവക ആൽബം

ഡിസംബർ 2024

## വിശ്വാസ പരിശീലന ദിനം



## വിശ്വാസ പരിശീലന സൂപ്പർ സൺഡേ



© MEDIA CELL KKM

## ഇടവക ആൽബം

ഡിസംബർ 2024

### യുവജന സംഗമം : BLAZE 2K24



















© MEDIA CELL KKM

# ഇടവക ആൽബം

ഡിസംബർ 2024

## യുവജന സംഗമ വിളംബരം














## എയ്ഡ്സ് ദിനാചരണം






## ഉണ്ണീശോയ്ക്കുള്ള കത്ത്



## സുകൃത മരം



## സ്റ്റാർ എയ്ഞ്ചൽസ്




© MEDIA CELL KKM

# ഇടവക ആൽബം

ഡിസംബർ 2024

## കുട്ടി കൂട്ടായ്മ ക്രിബ് മത്സരം


## ക്രിസ്തുമസ്സ് ടേബലോ മത്സരം






## ക്രിസ്തുമസ്സ് പുൽക്കൂട് മത്സരം







© MEDIA CELL KKM

# ഇടവക ആൽബം

ഡിസംബർ 2024


## ക്രിസ്തുമസ്സ് കരോൾ ഗാനാലാപന മത്സരം



## ക്രിസ്തുമസ്സ് 2024



© MEDIA CELL KKM



# 4th Death Anniversary

02-01-2025



## Rosily Augestin

Born
4-4-1940

W/o. Alikkall Augustin
Alikkal House
Chiralayam

Died
02-01-2021

*Sorrowing Family*





പാവനസ്മരണയ്ക്ക്
14-ാം
ചരമവാർഷികം
07-01-2025

കല്ലച്ചൻമുറി
പൈലി
## കുഞ്ഞില
ചിറളയം

സ്നേഹസ്മരണകളോടെ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ





17-ാം ചരമവാർഷികം
30-01-2025

## കെ.സി. ജോർജ്ജ്
കുറ്റിക്കാട്ട് ഹൗസ്
ചിറളയം

ഓർമ്മകളോടെ... കുടുംബാംഗങ്ങൾ

# സംഘടനാ വാർത്തകൾ

**മാതൃവേദി**

* ഡിസംബർ 1 ഞായറാഴ്ച മുതൽ 25 ദിവസം പിറവിതിരുനാളിന് ഒരുക്കമായ ജപവും ഉണ്ണികൊന്തയും രാവിലെ വി. കുർബാനയ്ക്ക് ശേഷം ചൊല്ലി പ്രാർത്ഥിച്ചു.
* ഇടവകയിൽ പ്രായത്തിന്റെ ക്ലേശത്താൽ ദൈവാലയത്തിൽ വരാൻ സാധിക്കാത്തവരുടേയും കിടപ്പുരോഗികളുടേയും ഭവനങ്ങളിൽ ക്രിസ്തുമസിനോട് അനുബന്ധിച്ച് ഡിസംബർ 23 തിങ്കളാഴ്ച രാവിലെ മാതൃവേദി സംഘടനയുടെ നേതൃത്വത്തിൽ വികാരിയച്ചൻ വന്ന് കുമ്പസാരിപ്പിച്ച് വി. കുർബാന നൽകുകയും മാതൃവേദി അമ്മമാരോടൊപ്പം ക്രിസ്തുമസ് മധുരം പങ്കുവെയ്ക്കുകയും ചെയ്തു.

**ജീസസ് യൂത്ത്**

* ക്രിസ്തുമസ് ആഘോഷങ്ങൾ നോയൽ 2024 എന്ന പേരിൽ സംഘടിപ്പിച്ചു. ഡിസംബർ 24 ചൊവ്വാഴ്ച വൈകീട്ട് ഇടവകാംഗങ്ങൾ നഗരവീഥിയിലൂടെ കരോൾ അവതരിപ്പിച്ചു.
* നോയൽ പാർട്ടിയുടെ ഭാഗമായി ഡിസംബർ 29ന് മരിയാപുരം അഭയസദനിലെ അന്തേവാസികളുമായി കേക്ക് മുറിച്ച് ക്രിസ്തുമസ് സന്തോഷം പങ്കിട്ടു.

**ജൂനിയർ സി. എൽ. സി.**

* ഡിസംബർ 1 മുതൽ 25 വരെ അനുദിന വചനങ്ങളും സുകൃത ജപങ്ങളും എഴുതി പ്രദർശിപ്പിച്ചു.
* ഡിസംബർ 1 കുടുംബകൂട്ടായ്മകൾക്കുള്ള സെയിന്റ്സ് ക്വിസ് നടത്തി.
* ഡിസംബർ 8ന് അമലോത്ഭവ തിരുനാളിനോടനുബന്ധിച്ച് ജൂനിയർ സി.എൽ.സി. ദിനം ആചരിച്ചു. രാവിലെ പതാകവന്ദനം, കാഴ്ച സമർപ്പണം, പുഷ്പാർച്ചന, വി. കുർബാന എന്നിവയ്ക്ക് നേതൃത്വം നൽകി. 5000 രൂപ സമാഹരിച്ച് ആതുരാലയത്തിലേക്ക് തിരുനാൾ കാരുണ്യ സമർപ്പണം നടത്തി. സംഘടനാംഗങ്ങളുടെ കുടുംബ സംഗമവും ഗ്രേസ് മാർക്കിന്റെ അടിസ്ഥാനത്തിൽ 10 പേർക്ക് ആദരണീയവും സമ്മാനദാനവും സ്നേഹവിരുന്നും നടത്തപ്പെട്ടു.

**തിരുബാലസഖ്യം**

* ഇടവകാംഗങ്ങൾക്ക് ദിവസവും സുകൃത ജപങ്ങൾ എഴുതി തൂക്കാനായി ദൈവാലയത്തിൽ സുകൃതമരങ്ങൾ സജ്ജമാക്കി.
* കുഞ്ഞുപൈതങ്ങളുടെ ദിനത്തോടനുബന്ധിച്ച് ഡിസംബർ 28 ശനിയാഴ്ച രാവിലെ വി. കുർബാന, പ്രാർത്ഥനാ ശുശ്രൂഷ, തൊട്ടിൽ സമർപ്പണം, മധുര വിതരണം എന്നിവ നടത്തി.

**യുവജനവർഷ കമ്മിറ്റി**

* ഇടവകയിൽ യുവജനങ്ങൾക്കായി Blaze Youth Meet 2K24 സംഘടിപ്പിച്ചു. തൃശൂർ അതിരൂപത യൂത്ത് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. സാജൻ വടക്കനച്ചൻ

ഉദ്ഘാടനം ചെയ്തു. സെമിനാർ നടത്തിയത് പ്രശസ്ത മോട്ടിവേഷൻ സ്പീക്കർ ജോസഫ് അന്നംകുട്ടി ജോസാണ്.

**ക്രിസ്തുമസ്**

* കെ.എൽ.എം. വിശ്വാസ പരിശീലന സമിതി, ജൂനിയർ സി.എൽ.സി., ഗായക സംഘം എന്നിവരുടെ നേതൃത്വത്തിൽ ഡിസംബർ 24ന് ക്രിസ്തുമസ് തിരുകർമ്മങ്ങൾ, പിറവിതിരുനാൾ കുർബാന, ക്രിസ്തുമസ് കിറ്റ് വിതരണം നടത്തി. തുടർന്ന് ബോൺനത്താലെ ക്രിസ്തുമസ് കരോൾ ഗാനാലാപനം, നോമ്പ് വീടൽ, ക്രിസ്തുമസ് പൊതി വിൽപ്പന, ക്രിസ്തുമസ് സമ്മാനകൂപ്പൺ നറുക്കെടുപ്പ് എന്നിവയും ഉണ്ടായിരുന്നു.

**യൂത്ത് സി.എൽ.സി.**

* പിറവിതിരുനാളിനോടനുബന്ധിച്ച് 25 ദിവസവും ദേവാലയത്തിൽ അനുദിനം പ്രാർത്ഥിക്കാനുള്ള നിയോഗവും ചെയ്യാനുള്ള സൽപ്രവൃത്തികളും എഴുതി പ്രദർശിപ്പിച്ചു. കൂടാതെ ഓരോ മണിക്കൂറിലും നിശ്ചയിക്കപ്പെട്ട മാലാഖമാരുടെ പേരുകൾ നക്ഷത്രത്തിൽ എഴുതി ദൈവാലയാങ്കണത്തിൽ തൂക്കിയിട്ടിരുന്നു.
* ഡിസംബർ 31 ചൊവ്വാഴ്ച 7 മണിക്ക് തിരുമണിക്കൂർ ആരാധനയ്ക്കും വർഷാവസാന പ്രാർത്ഥനക്കും നേതൃത്വം നൽകി. തുടർന്ന് പഴയ മനുഷ്യനെ കത്തിച്ചുകൊണ്ട് പുതുവർഷത്തെ വരവേറ്റു.

**അൾത്താര സംഘം**

* തിരുപ്പിറവിക്കായുള്ള തൊട്ടിൽ ഇടവകാംഗങ്ങൾ വചനങ്ങൾ എഴുതി സജ്ജീകരിക്കാൻ സംഘടന നേതൃത്വം നൽകി. ഉണ്ണീശോയുടെ വിശുദ്ധരെ 25 ദിവസവും പരിചയപ്പെടുത്തി നൽകി.

**കത്തോലിക്ക കോൺഗ്രസ്സ്**

* ഡിസംബർ 29ന് മരിയാപുരം അഭയസദനിലെ അന്തേവാസികളെ ദേവാലയത്തിലേക്ക് കൊണ്ടുവന്ന് സ്നേഹവിരുന്ന് നൽകുകയും തുടർന്ന് പാലയൂർ ദൈവാലയ സന്ദർശനത്തിന് കൊണ്ടുപോകുകയും ചെയ്തുകൊണ്ട് ജീസസ് ബെർത്തഡേ പാർട്ടിയായി ആഘോഷിച്ചു.

**പ്രാർത്ഥനാ ഗ്രൂപ്പ്**

* ഒൻപതാം വെള്ളിയാചരണത്തിന്റെ ഭാഗമായി ഡിസംബർ 27 വെള്ളിയാഴ്ച 9 മണിക്കൂർ ആരാധനക്കും അഖണ്ഡ ജപമാലക്കും കുമ്പസാരത്തിനും നേതൃത്വം നൽകി.

**ഉണ്ണീശോയ്ക്ക് പുണ്യ സമർപ്പണം**

* ഡിസംബർ 31 ചൊവ്വാഴ്ച തിരുബാലസഖ്യം, അൾത്താര സംഘം, ജൂനിയർ സി.എൽ.സി. എന്നിവരുടെ നേതൃത്വത്തിൽ കോൺവെന്റിലെ സിസ്റ്റേഴ്സിനു വേണ്ടി പ്രാർത്ഥിക്കുകയും അവർക്കുവേണ്ടി 6 പേർക്ക് സൽപ്രവൃത്തികൾ ചെയ്ത് എഴുതി കോൺവെന്റിൽ കൊണ്ടുനൽകുകയും ചെയ്തു.

# വഴിവിളക്ക്

# അപ്പസ്തോലന്മാർ

**തീവ്രവാദിയായ വി. ശിമയോൻ**

| | |
|---|---|
| പേരിന്റെ അർത്ഥം | - കേൾക്കുന്നവൻ |
| മറ്റുനാമങ്ങൾ | - ചെറിയ ശിമയോൻ, കാനാന്യനായ ശിമയോൻ, തീക്ഷ്ണമതിയായ ശിമയോൻ |
| ഗോത്രം | - റൂബൻ |
| ചിഹ്നം | - അറക്കവാൾ |
| സുവിശേഷപ്രഘോഷണം | - സമരിയ, ജെറുസലേം, ബ്രിട്ടൻ |
| ജീവിതസമർപ്പണം | - പേർഷ്യയിൽ വെച്ച് രക്തസാക്ഷിത്വം |
| ഓർമ്മദിനങ്ങൾ | - പൗരസ്ത്യ - മെയ് 1<br>ലത്തീൻ - ഒക്ടോബർ 28 |
| മാതാപിതാക്കൾ | - ക്ലയോഫാസ്, മറിയം |

***സന്ദേശം***

തിന്മക്കെതിരെ എന്നും പോരാടി രക്തസാക്ഷിത്വം വരിച്ച ശിമയോൻ ശ്ലീഹ നമുക്ക് മാതൃകയാവേണ്ടതാണ്. ഈശോ രക്ഷകനാണെന്ന് തിരിച്ചറിഞ്ഞതു മുതൽ തന്റെ സമര തീക്ഷ്ണത അദ്ദേഹം സുവിശേഷ പ്രചരണത്തിന്നായി തിരിച്ചുവിട്ടു. അദ്ദേഹത്തിന്റെ മാതൃക കണ്ട് വളരെപ്പേർ സത്യവിശ്വാസത്തിലേക്ക് കടന്നു വന്നു. നമുക്കും ശിമയോന്റെ തീക്ഷ്ണത ജീവിതത്തിൽ സ്വന്തമാക്കാം

തയ്യാറാക്കിയത്
കുടുംബകൂട്ടായ്മ കേന്ദ്രസമിതി, കുന്നംകുളം



## അനുമോദനങ്ങൾ

നവംബർ മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത

**കോലാടി ജെയ്സൺ അഭിഷേക്-ന്**

***ഇടവകയുടേയും ടച്ച്മീയുടേയും***
***അനുമോദനങ്ങൾ***

## മിഴിവിളക്ക്

# കാവൽ മാലാഖ

### 2. ജെലിയേൽ : "സഹായകനായ ദൈവം"
### (മാർച്ച് 26-30 കാലയളവിൽ ജനിച്ചവർക്ക്)

ഏതുകാര്യത്തേയും ദൃഢപ്പെടുത്താനും ഉറപ്പിക്കാനുമുള്ള കഴിവുകളെ ഈ മാലാഖ പ്രതിനിധാനം ചെയ്യുന്നു. അവയെ നിയന്ത്രിക്കുകയും ചെയ്യുന്നു. സമാധാനപൂർണതയുടെ സൗന്ദര്യം, ചെടികൾക്കും, വളർത്തുമൃഗങ്ങൾക്കും, മനുഷ്യർക്കും സന്താനലബ്ധി, ദമ്പതികളുടെ വിശ്വസ്തത, കുട്ടികൾക്ക് അനുസരണം എന്നിവ ഇദ്ദേഹം തരുന്നു. നാം നടത്തുന്ന വിവിധ പ്രക്രിയകളിൽ വിജയവും തർക്കങ്ങളിലും വഴക്കുകളിലും വിവാഹമോചനത്തിലും പരിഹാരവും ഈ ദൂതന്റെ കഴിവിനാൽ സാധിക്കും. കെട്ടിട നിർമ്മാണം, ഭൂമിയുടെ വിനിയോഗം, വസ്ത്രനിർമാണം, കൃഷി എന്നിവയിലും സ്വാധീനമുണ്ട്. ക്രമസമാധാനപാലനം, പൊതുഭരണം, നയതന്ത്രം എന്നീ മേഖലകളിലും വജയത്തിനും ഈ ദൂതന്റെ മധ്യസ്ഥം ഉപകരിക്കും.

**ജെലിയേൽ കാവൽ മാലാഖയോടുള്ള പ്രാർത്ഥന**

ആശയക്കുഴപ്പങ്ങൾ നീക്കി കാര്യങ്ങളിൽ വ്യക്തത വരുത്താൻ ഓ പ്രകാശത്തിന്റെ നാഥാ, എനിക്കു സഹായവും പിന്തുണയും തരുമാറാകണമേ. എന്റെ ചിന്തകളെ വ്യതിചലിപ്പിക്കാതെ ശുദ്ധതയിലും നന്മയിലും ഉറപ്പിക്കണമേ. നിസ്വാർത്ഥമായി നല്ല സൃഷ്ടിപരമായ ഉപദേങ്ങൾ മറ്റുള്ളവർക്കു കൊടുക്കാൻ എന്നെ സഹായിച്ചാലും! കുതിരക്കാരൻ തന്റെ കുതിരയെ കൃത്യമായി നിയന്ത്രിക്കുന്നതുപോലെ എന്റെ വികാരങ്ങളേയും ചേതനകളേയും കടിഞ്ഞാണിട്ടു പിടിക്കാൻ എനിക്കു ശക്തി തരണമേ. മറ്റുള്ളവർക്ക് എന്നും എവിടേയും ഉപകാരമായിത്തീരാൻ എനിക്ക് അങ്ങയുടെ പ്രകാശവും കൃപയും തന്നരുളിയാലും.

**ഈ കാവൽ മാലാഖയുടെ ഉപദേശം :** ആത്മാവിന്റെ ക്ഷേത്രത്തിലെ സേവകനായ നീ എന്നെ എപ്പോൾ വേണമെങ്കിലും വിളിച്ചുകൊള്ളുക. ഈ ലോകത്തെ പുതിയ പറുദീസയാക്കാൻ, കാത്തുകാത്തിരുന്ന നവയരുശലേമാക്കുവാൻ നീ അദ്ധ്വാനിക്കുക. കാരണം നിനക്കുള്ളിൽ പുരോഗതിക്കും സുസ്ഥിതിക്കും തീവ്രാഭിലാഷമുണ്ട്.

തയ്യാറാക്കിയത്


ഭക്തസംഘടന ഏകോപനസമിതി, കുന്നംകുളം

ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ : ............................................ ഫോൺ നമ്പർ :......................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Aleena Kakkassery, Class : V, St. Joseph Kudumbakoottayma

# കുന്നംകുളം സെൻ്റ് സെബാസ്റ്റ്യൻ ചർച്ച്
# ജൂബിലി വർഷ ആഘോഷ കമ്മിറ്റി

*ചെയർമാൻ*



**റവ. ഫാ. ഡെയ്സൺ മുണ്ടോപുറം**
(വികാരി)
✆ 96566 54567


*വൈസ് ചെയർമാൻമാർ*



**സി. ആൻജോസ് CMC**
(സിസ്റ്റർ സുപ്പീരിയർ)
✆ 94957 30695



**പേൾജു ബി. ചുങ്കത്ത്**
(കൈക്കാരൻ)
✆ 98470 31110



**കെ. ജി. ബാബു**
(കൈക്കാരൻ)
✆ 99619 99487



**സി. എൻ. ഇമ്മാനുവേൽ**
(കൈക്കാരൻ)
✆ 95390 30439

*ജനറൽ കൺവീനർ*



**വർഗ്ഗീസ് ആൻ്റണി**
✆ 75599 69881

*ജോയിൻ്റ് ജനറൽ കൺവീനർ*



**പി. എ. ലില്ലി**
✆ 98477 10315


*കമ്മിറ്റി അംഗങ്ങൾ*



വർഗ്ഗീസ് സണ്ണി
✆ 94476 69236



രാജു ബി. ചുങ്കത്ത്
✆ 98474 31110



ആൽഫിൻ റൊണാൾഡ്
✆ 95392 95195



പി. ആർ. സജി
✆ 94954 73897



സൂസി രാജു
✆ 98091 21511



ജാൻസി ബാബു
✆ 89293 95324

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ: ................................................ ഫോൺ നമ്പർ :..................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**Amal Joe Alappat**

Std : IV, Mary Matha Kudumbakoottayma

"മോളെ ഞാൻ പിന്നെ വരാം
ഹോ, ഇനി അങ്ങട്ടു പോകണ്ട, എന്റെ അമ്മപോലും
എനിക്ക് ഇത്രയും വലിയ ലിസ്റ്റ് തന്നിട്ടില്ല"

# വചന കലണ്ടര്‍

## 2025 ജനുവരി JANUARY

| ഞായര്‍ | തിങ്കള്‍ | ചൊവ്വ | ബുധന്‍ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | 01<br>പുറ 23:14 – 17<br>എഫേ 4:17 – 24<br>മത്താ 6:25 – 34 | 02<br>ശ്ലീഹ 3:20 – 26<br>മത്താ 4:12 – 17 | 03<br>1 പത്രോ 4:12 – 19<br>മത്താ 5:1 – 12<br>ലൂക്കാ 1:39 – 45 | 04<br>1കോറി 2:11 – 15<br>ലൂക്കാ 12:35 – 40 |
| 05<br>പുറ 3:1 – 12<br>2 തിമോ 3:10 – 15<br>ലൂക്കാ 4:16 – 22 | 06<br>തീത്തോ 3:1 – 7<br>മത്താ 3:13 – 17 | 07<br>തീത്തോ 3:8 – 11<br>ലൂക്കാ 13:23 – 30 | 08<br>1 കോറി 6:15 – 20<br>യോഹ 2:13 – 17 | 09<br>1 കോറി 2:6 – 10<br>ലൂക്കാ 7:11 – 17 | 10<br>എഫേ 2:19 – 3:7<br>മര്‍ക്കോ 6:14 – 29 | 11<br>റോമ 9:30 – 33<br>യോഹ 10:31 – 39 |
| 12<br>ഏശ 45:11 – 17<br>ഹെബ്രാ 3:1 – 6<br>യോഹ 1:14 – 18 | 13<br>1കോറി 11:17 – 22<br>യോഹ 17:20 – 26 | 14<br>1കോറി 12:12 – 18<br>യോഹ 15:1 – 10 | 15<br>എഫേ 2:11 – 19<br>യോഹ 21:15 – 19 | 16<br>1 പത്രോ 5:5 – 9<br>മര്‍ക്കോ 4:35 – 41 | 17<br>2 കോറി 11:21 – 31<br>മത്താ 16:13 – 19 | 18<br>എഫേ 4:1 – 6<br>യോഹ 17:6 – 11 |
| 19<br>ഏശ 45:18 – 46:4<br>ഹെബ്രാ 4:1 – 10<br>യോഹ 1:29 – 34 | 20<br>2 തിമോ 2:1 – 5<br>മത്താ 10:24 – 33 | 21<br>റോമ 15:14 – 21<br>യോഹ 17:6 – 11 | 22<br>2 കോറി 6:4 – 10<br>യോഹ 12:27 – 33 | 23<br>1 കോറി 9:24 – 27<br>മര്‍ക്കോ 10:17 – 22 | 24<br>1 കോറി 4:9 – 16<br>മത്താ 10:1 – 15 | 25<br>ഫിലി 1:27 – 30<br>മത്താ 15:21 – 28 |
| 26<br>ഏശ 46:5 – 13<br>ഹെബ്രാ 7:23 – 28<br>യോഹ 2:1 – 11 | 27<br>ശ്ലീഹ 16:25 – 34<br>ലൂക്ക 5:12 – 16 | 28<br>ഹെബ്രാ 4:1 – 7<br>ലൂക്കാ 4:22 – 30 | 29<br>ഗലാ 1:6 – 10<br>യോഹ 10:1 – 6 | 30<br>എഫേ 2:14 – 22<br>യോഹ 14:27 – 31 | 31<br>ഫിലി 4:4 – 9<br>മത്താ 18:1 – 5 | 01<br>1 യോഹ 5:13 – 21<br>യോഹ 8:39 – 47 |





Pulimoottil
SILKS
SINCE 1924

PALACE ROAD, THRISSUR
0487-2335524 +91-90484 34488
THODUPUZHA | KOTTAYAM | THIRUVALLA | KOLLAM | PALA | KOCHI
WWW.PULIMOOTTILONLINE.COM PULIMOOTTIL_OFFICIAL

K

A **MIKHAEL** PRODUCT



ആഘോഷങ്ങൾക്ക് അണിയാം
സംശുദ്ധിയുടെ പൊൻതിളക്കം

ഏറ്റവും കുറഞ്ഞ
പണിക്കൂലിയിൽ
മികവാർന്ന 916 HUID
ആഭരണങ്ങൾ

സ്വർണ്ണമിത്ര
ഗോൾഡ്
പർച്ചേയ്സ് പദ്ധതി

ഒരു ഗ്രാം സ്വർണ്ണം
ബുക്ക് ചെയ്യാൻ
50 രൂപ മാത്രം

MIKHAEL
Gold & Diamonds LLP.

ഹോൾസെയിൽ & റീട്ടെയിൽ ജ്വല്ലറി

PAVARATTY | KECHERY
Ph: +91 8547 49 4444 | Ph: 833 00 24 444

www.mikhaelgoldanddiamonds.com

Opening Shortly : **Kunnamkulam**

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM